## പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 740** — **11.07.2016-** ൽ മറുപടിക്ക്

## പേരാമ്പ്ര ബൈപ്പാസ് നിർമ്മാണം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. പുരുഷൻ കടലുണ്ടി** | **ശ്രീ. ജി. സുധാകരൻ**<br>**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| (എ) പേരാമ്പ്ര നഗരത്തിലെ ഗതാഗതക്കുരുക്ക് പരിഹരിക്കുന്നതിന് ബൈപ്പാസ് നിർമ്മാണത്തിനുള്ള നിർദ്ദേശം നിലവിലുണ്ടോ; | (എ) നിലവിലുണ്ട്. |
| (ബി) ഇതിന് ഏതെങ്കിലും മുൻ ബജറ്റുകളിൽ തുക വകയിരുത്തിയിരുന്നോ; ഉണ്ടെങ്കിൽ എത്ര; ഏത് കാലത്ത്; | (ബി) വകയിരുത്തിയിട്ടുണ്ട്. 2015-16-ലെ ബഡ്ജറ്റിൽ ഭരണാനുമതിയുള്ള മരാമത്തു പ്രവൃത്തികളുടെ ബഡ്ജറ്റ് വിഹിതം സൂചിപ്പിക്കുന്ന 1-ാം വാല്യത്തിൽ (213 പേജ്) 5054-03-337-98 എന്ന ശീർഷകത്തിൽ ക്രമ നമ്പർ 3 ആയി ഈ പ്രവൃത്തി ചേർക്കുകയും 10 ലക്ഷം രൂപ വകയിരുത്തുകയും ചെയ്തിട്ടുണ്ട്. |
| (സി) ഈ ബൈപ്പാസിന്റെ അലൈൻമെന്റ് നിശ്ചയിച്ചിട്ടുണ്ടോ; എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ; | (സി) അലൈൻമെന്റ് നിശ്ചയിച്ചിട്ടുണ്ട്. എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടില്ല. |
| (ഡി) പേരാമ്പ്ര ബൈപ്പാസ് നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | (ഡി) പേരാമ്പ്ര ബൈപ്പാസ് റോഡ് നിർമ്മാണത്തിന് ഭൂമി ഏറ്റെടുക്കുന്നതിനായി 20.10.2008-ലെ സ.ഉ (സാധാ) നം. 1734/2008/പൊ.മ.വ പ്രകാരം 3.95 കോടി രൂപ അനുവദിച്ചിട്ടുണ്ട്. അതിർത്തി നിർണ്ണയിച്ചിട്ടുള്ള കല്ലിടീൽ (പെഗ് മാർക്കിംഗ്) പ്രവർത്തനം പൂർത്തീകരിച്ച് ഭൂമി ഏറ്റെടുക്കുന്ന നടപടി |

നടന്നു വരുന്നു. സാമൂഹിക സാമ്പത്തിക പരിസ്ഥിതി ആഘാത പഠനത്തിന്റെയും പൊതുജന സഹകരണത്തിന്റെയും അടിസ്ഥാനത്തിൽ തയ്യാറാക്കിയ റിപ്പോർട്ട് പ്രകാരം 4.89 ഹെക്ടർ സ്ഥലം അധികമായി ഏറ്റെടുക്കേണ്ടതായിട്ടുണ്ട്. ഇതിലേയ്ക്കായി 6.27 കോടി രൂപ ആവശ്യമായി വരും. എന്നാൽ 2013-ലെ The Right to Fair Compensation and Transparency in Land Acquisition, Rehabilitation and Resettlement Act പ്രകാരമാണ് ഭൂമി ഏറ്റെടുക്കുന്നതെങ്കിൽ ഏകദേശം 15 കോടി രൂപ ആവശ്യമായി വരും. മേഞ്ഞാണ്യം, കിഴിഞ്ഞാണ്യം എന്നീ ദേശങ്ങളിലെ ഭൂമി ഏറ്റെടുക്കുന്നതിനാവശ്യമായ തുക ലഭ്യമാക്കുവാൻ കോഴിക്കോട് ജില്ലാ കലക്ടറോട് പൊതുമരാമത്ത് വകുപ്പ് നിരത്തുകളും പാലങ്ങളും ചീഫ് എഞ്ചിനീയർ അഭ്യർത്ഥിച്ചിട്ടുണ്ട്. കൂടാതെ പുതുതായി ഏറ്റെടുക്കേണ്ട ഭൂമിയിൽ 0.7 ഹെക്ടർ സ്ഥലം പാടശേഖരമാണ്. ആയതിനാൽ 2008-ലെ നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമപ്രകാരമുള്ള നിരാക്ഷേപപത്രവും ആവശ്യമായിട്ടുണ്ട്. ആയത് ലഭ്യമാക്കുന്നതിലേക്കായി പൊതു മരാമത്ത് വകുപ്പ് നിരത്തുകളും പാലങ്ങളും വിഭാഗം ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് ഈ വിഷയത്തിൽ തുടർ നടപടി സ്വീകരിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ